بسم الله الرحمن الرحيم

*In the Name of Allah, Most Gracious, Ever Merciful*

# THE COMING OF A KHALEEFATHULLAH-II

# ഖലീഫത്തുല്ലായുടെ ആഗമനം (2)

**“ നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെമാത്രം ആരാധിക്കുന്നതാണ്; എന്നോട് മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർതന്നെയാണ് ധിക്കാരികൾ” (24: 56)**

പരിശുദ്ധ ഖുർആനിലെ ഈ വചനം “ ആയത്തെ ഇസ്തിഖ്‌ലാഫ്” എന്നറിയപ്പെടുന്നു. ഇസ്ലാമിലെ ഖിലാഫത്ത് വ്യവസ്ഥയെ സംബന്ധിച്ചുള്ള ഖുർആനിക പാഠത്തിന്റെ അടിസ്ഥാനം ഈ വചനത്തിലു്. ഖീലാഫത്തുല്ല അഥവാ അല്ലാഹു അയയ്ക്കുന്ന ഖലീഫമാരും ഈ വചനത്തിന്റെ പരിധിയിൽ വരും. അല്ലാഹു (ത) വെളിപാടുമുഖേന അറിയിച്ചുകൊടുക്കുന്ന തത്വങ്ങളും നിർദ്ദേശങ്ങളും ഉപയോഗിച്ചാണ് ഒരു ഖലീഫത്തുല്ല ജനങ്ങൾക്കിടയിൽ തീരുമാനം എടുക്കുക. ജനങ്ങളുടെ വ്യാമോഹങ്ങൾ ഖലീഫത്തുല്ലയുടെ തീരുമാനത്തെ നിയന്ത്രിക്കുകയില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തിന് അറിയിച്ചുകൊടുക്കുന്ന കാര്യങ്ങളിൽ ചിലതിനെ ഉപയോഗിച്ച് ശത്രുനടത്തുന്ന ദുഷ്പ്രേരണകൾക്ക് വശംവദനാകുന്നതിൽ നിന്നും അല്ലാഹുവിന്റെ ഖലീഫ ജാഗ്രത പുലർത്തണം.

“മുസ്നദ് അഹ്മദ്ബിൻ ഹമ്പലിൽ” നിന്നുള്ള ഒരു ഹദീസ്. പ്രവാചകത്വത്തെ പിന്തുടർന്നു വരുന്ന ഖിലാഫത്തിന്റെ രുകാലഘട്ടങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങൾ ഉൾക്കൊള്ളുന്നതാണി നബിവചനം. ഹസ്രത്ത് ഹുസൈഫ(റ) നിവേദനം ചെയ്യുന്ന, നബി(സ) അരുളി, “അല്ലാഹു ഉദ്ദേശിക്കുവോളം പ്രവാചകത്വം നിങ്ങളിൽ നിലനിൽക്കും. അതിന്ശേഷം പ്രവാചകത്വ പാതയിലുള്ള ഖിലാഫത്ത് ആരംഭിക്കും. അല്ലാഹു ഉദ്ദേശിക്കുവോളം അത് നിലനില്ക്കും. അതിനുശേഷം അത് രാജഭരണത്തിന് വഴിമാറും, അത് അല്ലാഹു ഉദ്ദേശിക്കുവോളം നിലനില്ക്കും പിന്നീട്, സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾ നിലവിൽ വരും. അല്ലാഹു ഉദ്ദേശിക്കുവോളം അത് തുടരും. അതുകഴിഞ്ഞ് പ്രവാചകത്വ രീതിയിലുള്ള ഖിലാഫത്ത് വീും നിലവിൽ വരും”

ഈ നബിവചനത്തിൽ പരമാർശിക്കുന്ന ഖിലാഫത്തിന്റെ ആദ്യകാലത്തെ, മുസ്ലിങ്ങൾ പൊതുവേ മനസ്സിലാക്കുന്നത് സച്ചരിതരായ ഖലീഫമാരുടെ കാലം എന്നാണ്. വാഗ്ദത്ത മസീഹിന്റെ കാലശേഷം, അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥ നിലനിൽ വരികയുായി. ജമാഅത്ത് വ്യവസ്ഥകൾ നടപ്പിലാക്കാൻ ഖലീഫത്തുൽ മസീഹ്മാരെ തെരഞ്ഞെടുത്തു. അല്ലാഹു(ത) ഉദ്ദേശിച്ചിടത്തോളം അത് നിലകൊു. പിന്നീട് അധഃപതനം സംഭവിച്ചു. ഇസ്ലാം മതത്തിന്റേയും വാഗ്ദത്ത മസീഹിന്റേയും പാഠങ്ങളെ കാറ്റിൽപറത്തി. **ഖുർആനും തിരുസുന്നത്തും വാഗ്ദത്ത മസീഹിന്റെ പാഠങ്ങളും ഉായിരിക്കെ, അഹ്മദികൾ ഖിലാഫത്തിനെ എല്ലാറ്റിനും മുകളിൽ പ്രതിഷ്ഠിച്ചു. പ്രത്യേകിച്ചും അവർ “ഖീലാഫത്താണ് ഞങ്ങളുടെ ജീവിതം” എന്നുപറഞ്ഞപ്പോൾ അല്ലാഹു(ത) അവന്റെ ദിവ്യപ്രകാശം അവരിൽ നിന്നകറ്റി. ഈ വിനീതനെ അവന്റെ ഖലീഫത്തുല്ല ആയി ഉയർത്തി. ഈ വിനീതൻ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവനല്ല. ഹസ്രത്ത് മുഹമ്മദ് നബി(സ) യുടേയും വാഗ്ദത്ത മസീഹ്(അ)ന്റേയും പാത പിന്തുടരാൻ അല്ലാഹു (ത) അവന് പ്രിയപ്പെട്ടവനായി ഈ വിനീതനെ തെരഞ്ഞെടുക്കുകയായിരുന്നു. ഖിലാഫത്തുല്ലായുടെ ആഗമനം പ്രവാചകത്വ പാഠങ്ങളുടെ അടിസ്ഥാനത്തിലാണ് സംഭവിക്കുന്നത്. ഒരുകാര്യം വളരെ ശ്രദ്ധേയമാണ്. ജനങ്ങളല്ലാ, അല്ലാഹുവാണ്**

**ഖലിഫത്തുല്ലായെ തെരഞ്ഞെടുക്കുന്നത് അദ്ദേഹത്തിന്റെ പ്രവൃത്തി സൃഷ്ടാവിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ്. അദ്ദേഹത്തിന് സർവ്വശക്തനായ അല്ലാഹുവിൽ നിന്ന് വെളിപാടുകളും നിർദ്ദേശങ്ങളും ജ്ഞാനവും നല്കപ്പെടുന്നു. ഖലീഫത്തുല്ലാ അദ്ദേഹത്തിന്റെ ദൈവപ്രേരിത പ്രഖ്യാപനങ്ങൾ നടത്തുമ്പോൾ, ആര് അദ്ദേഹത്തിൽ നിന്ന് പിന്തിരിഞ്ഞുപോകുന്നുവോ അവർ, അന്ത്യവിധിനാളിൽ അല്ലാഹുവിന് മുന്നിൽ ഹാജരാക്കപ്പെടും. അവരുടെ പ്രവർത്തിയെ ന്യായീകരിക്കുവാൻ ഒരു തെളിവും അവർക്കൊപ്പം ഉാകില്ല.** ഒരു 'ഖലീഫത്തുല്ലാ'യിൽ അനുസരണ പ്രതിജ്ഞചെയ്യാതെ മരിക്കുന്ന ഓരോ വ്യക്തിയും, ജാഹിലീയത്തിന്റെ മരണമാണ് വരിക്കുന്നത്.

ഈ കാലഘട്ടത്തിൽ, എല്ലാ മുസ്ലീങ്ങളുടേയും മാനവരാശിയുടേയും ബാദ്ധ്യതയാകുന്നു ഖലീഫത്തുല്ലായെ അംഗീകരിച്ചു സ്വീകരിക്കൽ. മതകാര്യങ്ങളുടെ നെടുംതൂൺ ആകുന്നു ഖലീഫത്തുല്ല. മതകാര്യനിയമങ്ങൾ നടപ്പിൽ വരുത്തേത് ഖലീഫത്തുല്ലയിലൂടെയാണ്. ഇക്കാര്യത്തിൽ സമുദായത്തിലെ പണ്ഡിതർക്കിടയിൽ അഭിപ്രായ വ്യത്യാസമില്ലതന്നെ.

പ്രവാചക പ്രഭു മുഹമ്മദ് നബി(സ) യ്ക്ക് ശേഷം ഇനി ഒരു പ്രവാചകനും വരാനില്ലെന്ന് മറ്റ് മുസ്ലിം സഹോദരന്മാരും അവരുടെ ഉലമാക്കളും കരുതുന്നു. അവരെ സബന്ധിച്ചിടത്തോളം പ്രവാചകത്വത്തിന്റെ വാതിലുകൾ കൊട്ടിയടയ്ക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. പ്രവാചകത്വത്തിന്റെ അനുഗ്രഹങ്ങൾ നഷ്ടമാകുന്നത് മൂലമുാകാനിടയുള്ള പരിണിതഫലങ്ങൾ ജനങ്ങളെ അധഃപതനത്തിലേക്ക് തള്ളിവിടുന്ന സാമൂഹികാഘാതങ്ങൾ ഈ 'മുല്ല'കൾ മനസ്സിലാക്കുന്നില്ല ഒരു ഖലിഫത്തുല്ലയുടെ ആഗമനം ഈ കാലഘട്ടത്തിൽ ഇസ്ലാമിന്റെ ഏറ്റവും മഹത്തായ ബാദ്ധ്യതകളിൽ ഒന്നാണ്. സത്യത്തിൽ ഒരു ഖലീഫത്തുല്ലായുടെ വരവില്ലാതെ. യഥാർത്ഥ ഇസ്ലാം സ്ഥാപിക്കുക സാദ്ധ്യമല്ല.

വിവിധ മുസ്ലിം വിഭാഗങ്ങൾ-സുന്നികൾ, ഷിയാക്കൾ, വിവിധ സമുദായ സംഘടനകൾ- ഖിലാഫത്തിനെക്കുറിച്ച് വ്യത്യസ്ത ചിന്താഗതികൾ വച്ച് പുലർത്തുന്നവരാണ്. ഓരോ മുസ്ലിം വിഭാഗത്തിനും അവരുടേതായ ഖലീഫ ഉാവുകയാണെങ്കിൽ അത് വലിയ 'ഫിത്ന' സൃഷ്ടിക്കും. ഖലീഫത്തുല്ലയെന്ന നിലയിൽ, എന്റെ വീക്ഷണത്തിൽ, മുസ്ലിംകൾക്ക് ഒരേ സമയം ര് തെരഞ്ഞെടുക്കപ്പെട്ടതോ നിയമിക്കപ്പെട്ടതോ ആയ ഖലീഫമാർ ഉാകുന്നത് നിരോധിക്കപ്പെട്ടിരിക്കുന്നു. എന്തുകൊന്നൊൽ, അവരുടെ മതകാര്യങ്ങളിലും സങ്കല്പങ്ങളിലും വ്യത്യാസങ്ങൾ ഉാകും. സമുദായഐക്യം വിഭജിക്കപ്പെടും അവർക്കിടയിൽ തർക്കങ്ങൾ ഉടലെടുക്കും ശരീഅത്തും തിരുസുന്നത്തും ഉപേക്ഷിക്കപ്പെടും "ബിദ്അത്തു"കൾ സമൂഹത്തിൽപരക്കും ഫിത്ന പൊട്ടിപ്പുറപ്പെടും ഇതൊന്നും ഒരാളുടേയും താല്പര്യത്തിനു നല്ലതല്ല.

അതുകൊ് നമുക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ വാഗ്ദത്ത മസീഹ് ഹ. അഹ്മദ്(അ) ന്റെ ഉപദേശങ്ങളിലേക്കു തിരിച്ചുവരാം. അദ്ദേഹം "ഖുദ്റത്തെ-സാനിയ"യെപ്പറ്റി വിശദമാക്കി. എന്താണ് "ഖുദ്റത്തെ സാനിയ" (അഥവാ രാം പ്രഭാവം) ?

ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) അദ്ദേഹത്തിന്റെ "അൽ-വസിയ്യത്തിൽ"ദൈവീക പ്രഭാവവും സഹായവും തന്റെ സമുദായത്തിനുമേൽ പതിക്കുമെന്നു വിശദമാക്കുകയുായി. അദ്ദേഹത്തിന്റെ ജീവിതകാലത്ത് ദൈവീക സഹായത്തിന്റേയും ശക്തിയുടേയും വ്യക്തമായ പ്രകടനം ദൃശ്യമായത് പോലെ അദ്ദേഹത്തിന്റെ കാലശേഷം, അഹ്മദിയ്യാ ജമാഅത്തിനുമേൽ അല്ലാഹുവിന്റെ ശക്തിയുടേയും സഹായത്തിന്റേയും രാം പ്രഭാവം ഉാകുമെന്ന് വ്യക്തമാക്കി. ഈ "രാം പ്രഭാവത്തെ" അഹ്മദി സഹോദരന്മാർ തങ്ങളുടെ ഖിലാഫത്തിന്റെ സ്ഥാപനത്തോടു ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്നു.

എന്റെ മറുപടി ഇതാണ് വാഗ്ദത്ത മസീഹ്(അ) വന്നത് ഹസ്രത്ത് മുഹമ്മദ് നബി(സ) ചെയ്തിരിക്കുന്ന പ്രവൃത്തി തുടർന്നുകൊുപോകുന്നതിനുവേിയത്രേ- മുസ്ലീം പണ്ഡിതന്മാരും ഉലമാക്കളും കാറ്റിൽ പറത്തിക്കളഞ്ഞ അദ്ധ്യാപനങ്ങളെ വീടെുക്കാൻ. ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിന് വേിയാണ് ദൈവീക ശക്തിയുടെ പ്രകടനം ഉാകുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു.

**'' ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണ്ണമാക്കിത്തരികയും, എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തികരിക്കുകയും ചെയ്തിരിക്കുന്നു" (5:4)**

**പ്രവാചക പ്രഭുവായ മുഹമ്മദ് നബി(സ)യുടെ കാലത്ത് തന്നെ ദൈവീക ശക്തിയുടെയും സഹായത്തിന്റേയും പ്രകടനമുായി. എന്നാൽ തിരുനബി(സ)യുടെ കാലശേഷം, "ഖുലഫാഉറാഷിദീൻ" എന്നറിയപ്പെടുന്ന സച്ചരിതരായ ഖലീഫമാരിലുടെയും മതപുനഃരുദ്ധാരകരായ മുജുദിദുമാരിലൂടെയും ദൈവീകാനുഗ്രഹം തുടരുകയുായി. അവരെല്ലാം ദൈവീക ശക്തിയുടെ 'ദ്വിതീയ പ്രഭാവ'ത്തിൽ ഉൾപ്പെടുന്നു. രാം പ്രഭാവത്തെ ഏതെങ്കിലും ഒരു പ്രത്യേകതരത്തിലേക്ക് ഒതുക്കാൻ കഴിയില്ല. ക്ഷയോന്മുഖമാകുന്ന സമൂദായത്തിലേക്ക് സമുന്നതനും സർവ്വജ്ഞനുമായ അല്ലാഹു(ത), സമുദായ ശക്തീകരണത്തിനായ് രാം പ്രഭാവത്തെ വെളിവാക്കുന്നു.**

ഹസ്രത്ത് മിർസാഗുലാം അഹ്മദ്(അ) ന്റെ കാലശേഷം അഹ്മദിയ്യാ ജമാഅത്തിൽ വന്ന ഖലീഫമാരെല്ലാം ദൈവീക സഹായത്തിന്റെ രാം പ്രഭാവത്തെ പ്രകടമാക്കുന്നവരായിരുന്നു എന്നു പറയുന്നത് ശരിയല്ല. രാം പ്രഭാവം എന്നാൽ സത്യത്തിന്റെ വഴിയിലുള്ള ദൈവീക സഹായം എന്നുപൊതുവേ പറയാം. അതുകൊ് 'ഖുദ്റത്തെ സാനിയ' കൊർത്ഥമാക്കുന്നത് ജമാഅത്തിന്റെ മേൽ ഇറങ്ങുന്ന വിവിധതരത്തിലുള്ള ദൈവീക സഹായമാണ്.

ഹസ്രത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിനോടും നമ്മുടെ മറ്റ് അഹ്മദീ സഹോദരന്മാരോടും ഒരു ചോദ്യം

**പ്രവാചക പ്രഭുവായ മുഹമ്മദ് നബി(സ)യുടെ കാലശേഷം ഇസ്ലാമിൽ രാം പ്രഭാവം ഇപ്പോഴും പ്രകടമാണെന്നും എന്നും പ്രകടമായിരിക്കിം എന്ന് നിങ്ങൾ വിശ്വസിക്കുന്നുാേ? അതോ വാഗ്ദത്ത മസീഹ് (അ)ന്റെ കാലശേഷം പുതിയൊരു രാം പ്രഭാവം ആദ്യത്തേതിനു പകരം വന്നുചേർന്നിട്ടുന്നെ് നിങ്ങൾ വിശ്വസിക്കുന്നുവോ?** ഇതാണെന്റെ ചോദ്യം അവരിൽ നിന്നൊരുമറുപടി ഉടനെ ലഭിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇൻഷാ അല്ലാഹ്

അപ്പോൾ, ഖലീഫത്തുല്ലാ എന്നാൽ എന്താണ്? ഒരു ഖലീഫത്തുല്ല ഏതെങ്കിലും ഒരു വിഭാഗം ആളുകൾ കൂടി തെരഞ്ഞെടുക്കുന്ന വ്യക്തിയല്ല അദ്ദേഹം അല്ലാഹു അയയ്ക്കുന്ന ഖലീഫയാകുന്നു. അല്ലാഹുവിന്റെ ഖലീഫയെ അല്ലാഹു തന്നെ തെരഞ്ഞെടുക്കുന്നു. "ഖലീഫത്തുല്ല" എന്നാൽ അല്ലാഹുവിന്റെ പ്രതിനിധി, ഇസ്ലാമിക വീക്ഷണപ്രകാരം, അദ്ദേഹം അല്ലാഹുവിൽ നിന്നുവരുന്നു. മാനവരാശിയെ സൃഷ്ടാവിലേക്ക് നയിക്കാൻ. ജനങ്ങളുടെ ആത്മീയവും ഭൗതികവും ആയ പുരോഗതിക്ക് വേി അയയ്ക്കപ്പെടുന്ന അദ്ദേഹം, അല്ലാഹുവിന്റെ പ്രതിനിധിയാകുന്നു. അതായത് അദ്ദേഹത്തിന് നല്കപ്പെട്ട ദൈവീക ജ്ഞാനവും സഹായവും നിമിത്തം, ഖുർആൻ കല്പിക്കുന്ന പരിധികൾക്കുള്ളിലും പ്രവാചക പ്രഭു മുഹമ്മദ് (സ) യുടെ പാഠങ്ങൾക്കനുസൃതമായും അദ്ദേഹം ദൈവീക പ്രതിനിധിയായിരിക്കും. ഖലീഫത്തുല്ല ദൈവീകാധികാരം ഉപയോഗിക്കേതു് അദ്ദേഹം കേവലം ഒരു വ്യക്തിഗത ഭരണാധികാരിമാത്രമല്ല ഭൂമിയുടെ മേലുള്ള ദൈവീക അധികാരത്തിന്റെ മാനവ പ്രതിനിധി കൂടിയാണ്. ദൈവീക നിർദ്ദേശങ്ങളിലുടെയും, സമാധാനപരമായ രാഷ്ട്രീയ നടപടികളിലൂടെയും മുസ്ലീം രാജ്യങ്ങൾക്കിടയിൽ ഐക്യം ഊട്ടിവളർത്താനും ഖലീഫത്തുല്ലായ്ക്ക് ബാധ്യതയു ് .

അല്ലാഹുവിന്റെ കാരുണ്യത്താൽ നിങ്ങൾ എല്ലാവരും ഈ പ്രസംഗത്തിലെ സന്ദേശം ഉൾക്കൊിരിക്കും എന്നുഞാൻ പ്രത്യാശിക്കുന്നു. അല്ലാഹു നിങ്ങൾ എല്ലാവരേയും അനുഗ്രഹിക്കട്ടെ ഈ കാലഘട്ടത്തിലെ സത്യം സ്വീകരിക്കുവാൻ അല്ലാഹു(ത) അനുഗ്രഹിക്കട്ടെ ആമീൻ

**Issued by** : R. Jamaludin Raother,
Amir, Jamaat Ul Sahih Al Islam, Kerala
9447001832, 0475- 2252530,
E-mail : jamal.raother@gmail.com

Friday Sermon of 29 May 2009,
delivered by :
**HAZRAT MUNIR AHMAD AZIM**, *Khalifathullah*
Translated by **Fazil Jamal** BAL, LLB, LLM M.Phil